# ഹോട്ടൽ വിജയ, മണിമല!

പോൾ ചാക്കോ തീമ്പലങ്ങാട്ട്. paulchacko@gmail.com

**********************************************************

"നല്ല പനിയുണ്ട്, കിടക്കണം".

വായീന്ന് തെർമോമീറ്റർ എടുത്ത് ആകാശത്തോട്ട് പൊക്കി പിടിച്ച് സൂക്ഷ്മവിശകലം ചെയ്തിട്ട് ഒരു കാലാവസ്ഥാ പ്രവചനക്കാരനെ പോലെ ഡോക്ടർ കരടി പ്രസ്ഥാവിച്ചു.

കക്ഷിയുടെ ശരിക്കുള്ള പേര് ഡോ. ജേക്കബ് പെരുമ്പായിൽ. നീട്ടി വളർത്തിയ മുടിയും താടിയും പോരാഞ്ഞ് ശരീരം മുഴുവൻ രോമവുമാണ് അദ്ദേഹത്തിന്. അങ്ങനെയാണ് ഡോ. കരടി എന്ന് പേര് വീണത്. സ്വന്തം ഇരട്ടപ്പേര് അങ്ങേർക്കറിയാമെങ്കിലും അദ്ദേഹം പ്രതികരിക്കാറില്ല, ക്ഷോഭിക്കാറുമില്ല കാരണം വെറും എം.ബി.ബി.എസ് മാത്രമുള്ള ഒരു ഡോക്ടർക്ക് മണിമല എന്ന മഹാപട്ടണത്തിൽ പ്രാക്ടീസ് ചെയ്യണേൽ ഇങ്ങനെ പലതും കണ്ടില്ല, കേട്ടില്ല എന്ന് വക്കണം. ഇല്ലെങ്കിൽ മോഡിയുടെ കൂടെ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥരുടെ അവസ്ഥയാകും...യോഗാസ്സനം!

കരടിയുടെ നിർദേശം എനിക്കങ്ങ് സുഖിച്ചു. സ്വർഗ്ഗം കിട്ടിയ വാശി. അധികം ജനവാസ്സമോ കരണ്ടോ വണ്ടികളുടെ ഹോണടിയോ ബഹളമോ ഒന്നും ഇല്ലാത്ത പുലിക്കല്ലിലെ ബോറൻ ലൈഫിൽ നിന്നും രണ്ടു ദിവസ്സത്തേക്കെങ്കിൽ രണ്ടു ദിവസ്സത്തേക്ക് ഒരു വിടുതലാണ് ഈ ആശുപത്രി വാസം. ചേട്ടൻ തോമസ് കുഞ്ഞ് കൂട്ടിന്. ഫാനുള്ള മുറി. സുന്ദരികളായ നേഴ്സ്മാർ, കിടക്കാൻ സുഖമുള്ള കട്ടിൽ, വെളുത്ത വിരി. സാമ്പാറും തോരനും പപ്പടോം ഒക്കെ കൂട്ടിയുള്ള വിഭവസമൃദ്ധമായ ഹോട്ടൽ ഭക്ഷണം...അങ്ങനെ സംഗതി കുശാൽ. സ്കൂളിലും പോകണ്ട.

എന്നേ കട്ടിലേൽ പിടിച്ചു കിടത്തിയിട്ട് കരടി ആദ്യം ആത്ജാപിച്ചത് ഒരു കുപ്പി ഗ്ലൂക്കോസ് കേറ്റാനാണ്. അതാണല്ലോ അതിന്റെ ഒരു ശരി. അതിപ്പോ ബ്ലഡ് ക്യാൻസർ ആയി വന്നാലും വണ്ടി ഇടിച്ചു ചാകാൻ കിടന്നാലും ജലദോഷ പനി ആയാലും ഒരു കുപ്പി ഗ്ലൂക്കോസ് എങ്കിലും കയറ്റിയിരിക്കണം എന്നത് മെഡിക്കൽ അസോസിയേഷൻ തീരുമാനമാണ്. സാധനം ചിലവാകണ്ടേ!

ശരീരത്തിലൂടെ തുള്ളിതുള്ളിയായി കയറ്റിവിടുന്ന ഈ ലായനിക്ക് കൈപ്പാണോ മധുരമാണോ പുളിയാണോ എന്നെനിക്കറിയില്ല. ഗ്ലൂക്കോസ് എന്ന് പേരും. നാലഞ്ചു വർഷം കഴിയുമ്പോൾ ടീവീൽ കേൾക്കാം അതിലും എം.എസ്.ജിയും ഡി.ഐ.ജിയും എൽ.പി.ജിയും ഒക്കെ ഉണ്ടാരുന്നു എന്നും ഗ്ലൂക്കോസ് കേറ്റി നാൽപ്പത് പേര് മരിച്ചെന്നും നൂറിലധികം പേര്

അപകടനില തരണം ചെയ്ത് കോട്ടയം മെഡിക്കൽ കോളജിൽ കഴിയുന്നു എന്നും. പ്രതികൂലമായ ആരോഗ്യപ്രശ്നങ്ങളാൽ ആരോഗ്യമന്ത്രി വി. എം. കോശിക്ക് അസുഖ ബാധിതരെ സന്ദർശിക്കാൻ പറ്റിയില്ലത്രേ.

ഗ്ലൂക്കോസ് മുഴുവനായി അങ്ങ് കേറീട്ടില്ല...അപ്പോഴേക്കും ഇതാ ഒരു സിസ്റ്റർ! അവര് അവരുടെ വകയായി ഒരു കുത്തിവയ്പ്പ്. പിന്നെ ദേ വേറെ ഒരെണ്ണം (നമ്മുടെ തറയിൽ പാപ്പച്ചിയുടെ മകൾ സുമ). അവള് വന്നു വാ തുറക്കാൻ പറഞ്ഞു...ഞാൻ തുറന്നു. കുരുവി കുഞ്ഞുങ്ങൾക്ക് ഇര കൊടുക്കുന്ന പോലെ എന്തോ ഒന്ന് വായിലേക്കിട്ടു. അവള് തന്നെ വായിൽ വെള്ളോം ഒഴിച്ചു. ഞാനതിറക്കി. എന്നിട്ട് കിടന്നോളാൻ പറഞ്ഞു; ഞാൻ കിടന്നു. അത് ഉറക്ക ഗുളിക ആയിരുന്നു. മിനിട്ടുകൾക്കുള്ളിൽ ഞാൻ നിദ്രാദേവിക്ക് വഴങ്ങിക്കൊടുത്തു.

കാർന്നോന്മാരുടെ ഭാക്ഷയിൽ പറഞ്ഞാ ആ...നത്തിൽ വെയില് കേറിയപ്പോഴാണ് ഞാൻ ഉണർന്നത്. ഓള് സുമ...അവൾ എന്ത് സാധനമാ എനിക്കിന്നലെ രാത്രി കലക്കി തന്നത്? വല്ല ആനമയക്കീം ആണൊ? എന്തായാലും വേണ്ടില്ല, സുഖമായി ഉറങ്ങി.

രാവിലെ ഉണർന്നപ്പോൾ നല്ല ഉന്മേഷം! പ്രസരിപ്പ്! ഇന്നലെ പനിച്ചു വിറച്ചു തുള്ളി പിച്ചും പേയുംപറഞ്ഞ ആളാന്ന് പറയുകേ ഇല്ല ഇപ്പൊ എന്നെ കണ്ടാൽ.

ഞാൻ കട്ടിലിൽ നിന്നും ഇറങ്ങി പരിസരം ഒക്കെ ഒന്ന് വീക്ഷിച്ചു. എന്നെ കണ്ടപ്പോൾ സുമ ഓടി വന്നു

“പോളിന് ഇപ്പൊ എങ്ങനെ ഉണ്ട്? പനി മാറിയോ?”

ഇത്തവണ അവള് തെർമോസ്റ്റാറ്റ് വക്കുന്നതിന് പകരം പുറം കൈയാ എന്റെ നെറ്റിയിൽ വച്ചത്. അതോടെ എനിക്കുണ്ടാരുന്ന പനി പോയി ദേഹാസ്സകലം കുളിര് കോരി. ഞാൻ അനങ്ങാത് നിന്നുകൊടുത്തു. എനിക്കെന്നും പനി വന്നിരുന്നെങ്കിൽ!

റൌണ്ട്സിന് വന്നപ്പോ കരടി പറഞ്ഞു വേണേൽ വീട്ടിൽ പൊക്കോളാൻ. ഞാൻ പറഞ്ഞു

“എനിക്കിപ്പഴും അങ്ങട് സുഖമായിട്ടില്ല. ഒരു ദിവസ്സം കൂടി കിടക്കാം”.

അപ്പോഴാണ് എന്റെ ശരിക്കുള്ള ‘രോഗം’ കരടിക്കും മനസ്സിലായത്. അങ്ങേര് ഒന്ന് പുഞ്ചരിച്ചു പക്ഷെ ഒന്നും മിണ്ടിയില്ല.

---

നല്ല വിശപ്പ്. കൈയിൽ അഞ്ചു പൈസയില്ല. സമയം ഏഴ് കഴിഞ്ഞു. അടുത്തുള്ള ഹോട്ടൽ വിജയയിൽ വറക്കലും പൊരിക്കലും പൊള്ളിക്കലും

ഒക്കെ ഗംഭീരമായി നടക്കുന്നുണ്ട്. ആശുത്രി മുറിയിൽ ഇരുന്നാ മതി വെവരങ്ങൾ അറിയാം. നല്ല മണം! ബോണ്ട, എത്തക്കാ അപ്പം, ബോളി, പരിപ്പുവട...അങ്ങനെ കുറെ ഉണ്ടാവും ഇപ്പൊ കണ്ണാടി അലമാരയിൽ. പല ഷേപ്പിൽ പല നിറത്തിൽ പല മൂപ്പിൽ പിടയ്ക്കുന്ന പലഹാരങ്ങൾ. എല്ലാം ഓരോന്ന് വച്ച് മേടിച്ച് കഴിക്കാൻ ആഗ്രഹം ഇല്ലാഞ്ഞിട്ടല്ല പക്ഷെ സ്വന്തം വികാരങ്ങളേയും അഭിലാക്ഷങ്ങളേയും പ്രലോഭനങ്ങളേയും കടിഞ്ഞാണിടാൻ ഞാൻ അഭ്യസിച്ചു. കൈയിൽ അഞ്ചു പൈസയില്ല. അത് മറക്കരുത്.

നേരം ഏഴര...ഏഴേ മുക്കാൽ...എട്ട്... തോമസ് കുഞ്ഞിനെ കാണുന്നില്ല. എനിക്കാണെങ്കിൽ വിശന്നിട്ട് കണ്ണു കാണാനും പറ്റുന്നില്ല...കൊതി ഒരു വശത്ത്. വെള്ളമിറക്കി വയറ് ഏതാണ്ട് നറഞ്ഞ പോലെ.

ഇനി കാക്കുന്നതിൽ അർത്ഥമില്ല...മനസ്സും വയറും സുമയും ഒരേപോലെ പറഞ്ഞു.

കരടിയേയും സുമയേയും ആശുപത്രിയേയും ഞാൻ മറന്നു. കാലുകൾ വീശി ഞാൻ കട്ടിലിൽ നിന്നും എഴുന്നേറ്റു. രജനികാന്ത് സ്റ്റൈലിൽ ഞാൻ ബെഡ് ഷീറ്റ് വലിച്ചെറിഞ്ഞു. എന്നിട്ട് ഹോട്ടൽ വിജയ ലക്ഷ്യമാക്കി ഞാൻ നടന്നു.

************************

"അവിടെ?"

"ഒരു ബോണ്ടയും ഒരു ബോളീം ഒരു പരിപ്പുവടേം ഒരു പൊറോട്ടയും". ഞാൻ ആർത്തിയോടെ പറഞ്ഞു.

"ങ്ഹേ?" അയാള് ഞെട്ടിപ്പോയി.

"കറീം" ഞാൻ പറഞ്ഞു.

"എന്ത് കറി...?"

അവിടെ ഞാൻ തോറ്റു. മറുപടിയായി എന്ത് പറയണം എന്നറിയാത്ത അവസ്ഥ. ഹോട്ടലിൽ കോഴിക്കറി കിട്ടുമെന്ന് ഞാൻ കേട്ടിട്ടുണ്ട്.

"ഒരു കോഴി"

അയാൾ തിരിഞ്ഞു നിന്നു. ഭക്ഷണം കാണാത് കിടക്കുന്ന ഏതോ തെണ്ടി ആവുമെന്ന് അയാള് കരുതിക്കാണും. ബോണ്ടയുടെ കൂടെ കോഴിക്കറി!!!

എന്നെ പോലെയുള്ള വേസ്റ്റ് ജന്മങ്ങൾ അയാൾ മുൻപ് കണ്ടിട്ടുണ്ടാവും...ചോദിച്ചതെല്ലാം കക്ഷി മുൻപിൽ നിരത്തി.

മുൻപിൽ കിട്ടിയതെല്ലാം ഞാൻ നിമിഷനേരം കൊണ്ട് അകത്താക്കി. കൊട്ടാരം വിഴുങ്ങുന്ന ഗന്ധർവന് കതകുപലക പപ്പടം പോലെ!

വിശപ്പ് അടങ്ങിയപ്പോ ഞാൻ പതിയെ എഴുന്നേറ്റു. വില നോക്കാത് ഭക്ഷണം മേടിച്ചു കഴിച്ച മൊയലാളി. എന്നെ ആദരവോടെ കാണുന്ന സപ്ലൈയർ. അയാള് ബില്ല് തന്നു. ഏഴു രൂപാ എൺപത് പൈസ....

ഞാൻ മടിച്ചു മടിച്ച് കൌണ്ടറിൽ ചെന്ന് ബില്ല് കൊടുത്തു. എന്നിട്ട് പറഞ്ഞു...

"ഞാൻ വേവറ ചാക്കോച്ചന്റെ മകനാ. പുളിക്കല്ലിൽ...ഉള്ള..."

"അതിന്"

"പൈസ ഇപ്പൊ ഇല്ല. ചേട്ടൻ വരുമ്പോ തരാം"

"ഏത് ചേട്ടൻ...ഏത് ചാക്കോച്ചൻ. ഇതൊക്കെ ഞങ്ങള് കുറെ കണ്ടതാ. പൈസ വക്കടോ. ഇല്ലേൽ വെവരമറിയും" കാഷ്യർ ക്ഷുഭിതനായി.

പണം ഇല്ലാത്ത അവസ്ഥയിൽ ഉഴുന്നാട്ടുന്നവരെ പറ്റിയും വെള്ളം കോരുന്നവരെ പറ്റിയും വിറക് വെട്ടി കൊടുക്കുന്നവരെ പറ്റിയും ഞാൻ കേട്ടിട്ടുണ്ട്. എനിക്കാ ഗതി വരുമെന്ന് ഞാൻ സ്വപ്നത്തിൽ പോലും കരുതിയിട്ടില്ല. എന്തും നേരിടാൻ ഞാൻ മാനസ്സികമായി തയ്യാറെടുത്തു.

കൌണ്ടറിനടുത്ത് ഞാൻ നിന്നു. കുറെ നേരം. ആളുകൾ വരുന്നു...എന്നേ നോക്കുന്നു...ബില്ലടക്കുന്നു...പോകുന്നു.

"അങ്ങോട്ട് മാറി നിന്നെ..." ക്ഷമ കേട്ടപ്പോൾ കാഷ്യർ പറഞ്ഞു. ഞാൻ അവിടെ കാലിയായി കിടന്ന ഒരു കസേരയിൽ പോയി ഇരുന്നു...

എട്ടര കഴിഞ്ഞപ്പോൾ ചേട്ടൻ എത്തി. എന്റെ ഇരിപ്പ് കണ്ട് കാര്യം തിരക്കി. ഞാൻ കാര്യം പറഞ്ഞു. ചേട്ടൻ കാഷ്യറെ ഊടുപാട് കുറെ തെറി അങ്ങ് പറഞ്ഞു. ഇവിടെ അച്ചടിക്കാൻ കൊള്ളാത്ത തെറികൾ...കാഷ്യർ ചുരുളുന്നത് ഞാൻ ഇരിക്കുന്നിടത്ത് ഇരുന്ന് കണ്ടു. ആ ചേട്ടന്റെ അനുജനാണ് എന്നറിഞ്ഞിരുന്നെങ്കിൽ അയാൾ അങ്ങനെ ചെയ്യിലാരുന്നു അത്രേ.

കുടുംബത്ത് പിറന്നതിന്റെ ഓരോരോ ആനുകൂല്യങ്ങൾ! എന്റെ അപ്പോഴത്തെ ഗമ...അത് നിങ്ങളൊന്ന് കാണണമായിരുന്നു!